കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് – ആലപ്പുഴ ജില്ലാ പഞ്ചായത്ത് – സാംസ്കാരിക ചരിത്ര സ്മരണികയുടെ പ്രകാശനത്തിനും ഉത്ഘാടന ചടങ്ങുകൾക്കും മറ്റുമായി ഒരു ലക്ഷം രൂപ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം.320/2020/ത.സ്വ.ഭ.വ 06/02/2020 — തിരുവനന്തപുരം, തീയതി,

പരാമർശം:- ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 27/12/2019 ലെ പി എൽ 4463/17 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ആലപ്പുഴ ജില്ലയെക്കുറിച്ചും പിന്നിട്ട നാൾവഴികളെക്കുറിച്ചും ഒരു അവബോധം കുട്ടികളിൽ സൃഷ്ടിക്കുന്നതിനുതകുന്ന ഒരു ചരിത്ര സ്മരണിക തയ്യാറാക്കിയിരുന്നുവെങ്കിലും, ചരിത്ര സ്മരണികയുടെ പ്രകാശനത്തിനും ഉത്ഘാടന ചടങ്ങുകൾക്കും മറ്റുമായി തുക പ്രോജക്ടിൽ വകയിരുത്തിയിരുന്നില്ല. പ്രസ്തുത ആവശ്യത്തിനായി ഒരു ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നുവെന്നും നിലവിൽ സ്പിൽ ഓവറായി ടി പ്രോജക്ട് 2019–20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ തനതു ഫണ്ടിൽ നിന്നും 1,00,000/–രൂപ ചെലവഴിക്കുന്നതിനായി അനുവാദം തരണമെന്നാണ് ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ആലപ്പുഴ ജില്ലയെക്കുറിച്ചും പിന്നിട്ട നാൾവഴികളെക്കുറിച്ചും ഒരു സാംസ്കാരിക ചരിത്ര സ്മരണികയുടെ പുസ്തക പ്രകാശനത്തിനും ഉത്ഘാടന ചടങ്ങുകൾക്കും മറ്റുമായി തനതു ഫണ്ടിൽ നിന്നും 1,00,000/–രൂപ (ഒരു ലക്ഷം രൂപ) , കമ്മിറ്റി തീരുമാനത്തിന് വിധേയമായി, ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

ബീനമോൾ കെ ജെ

ഡെപ്യൂട്ടിസെക്രട്ടറി സെക്രട്ടറി.

പ്രസിഡന്റ്/സെക്രട്ടറി ആലപ്പുഴ ജില്ലാ പഞ്ചായത്ത്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Validity unknown

Digitally signed by SMITHA B CHANDRA
Date: 2020.02.10 [illegible] IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ് :-ബഹു തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എസ്സ്